# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481– 2731020, 2732650**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/79/2018 2018 ഏപ്രിൽ 21

## പത്രക്കുറിപ്പ്

### ജി. അരവിന്ദൻ സ്മരണയിൽ കാർഷിക-പരിസ്ഥിതി ചലച്ചിത്രമേളയ്ക്ക് തുടക്കം

ദാർശനികവും കാവ്യാത്മകവുമായ രീതിയിലൂടെ ലോക ശ്രദ്ധ പിടിച്ചുപറ്റിയ ജി. അരവിന്ദന്റെ സ്മരണയിൽ കാർഷിക പരിസ്ഥിതി ചലച്ചിത്രമേയളയ്ക്ക് കോട്ടയം സി.എം.എസ് കോളേജിൽ തുടക്കമായി. 'ജി. അരവിന്ദൻ കുല'ത്തിൽ (ജോസഫ്ഫെൻ ഹാൾ) സംവിധായകൻ എബ്രിഡ് ഷൈൻ മേള ഉദ്ഘാടനം ചെയ്തു. കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സിലെ മിഥുൻ ശ്രീകുമാറിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ 45 സെക്കൻഡ് ദൈർഘ്യമുള്ള സിഗ്നേച്ചർ സിനിമയായ 'ജൈവം' നടനും നിർമ്മാതാവുമായ പ്രേംപ്രകാശ് പ്രകാശനം ചെയ്തു. പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എം. എസ് മുരളി, ഡോ. ആർ പ്രഗാഷ്, പിറമാടം ബി.പി.സി കോളേജിലെ എൻ. എസ്.എസ് പ്രോഗ്രാം ഓഫീസർ ജോബിൻ ജോർജ്, ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ എന്നിവർ സംസാരിച്ചു. പ്രകൃതിയുടെ ശക്തിയും സൗന്ദര്യവും മനുഷ്യജീവിതവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാവ്യാത്മകമായി ചിത്രീകരിച്ച കാഞ്ചന സീത എന്ന ജി. അരവിന്ദന്റെ ചലച്ചിത്രമായിരുന്നു മേളയുടെ ആദ്യ ചിത്രം. തുടർന്ന് കുട്ടനാട് ഒരു മരുത തിണ (പ്രദീപ് നായർ), ദി എമറാൾഡ് ഫോറസ്റ്റ് (ജോൺ ബൂർമാൻ), ബ്ലാക് ഫോറസ്റ്റ് (ജോഷി മാത്യു) എന്നീ ചലചിത്രങ്ങൾ അവതരിപ്പിച്ചു. തുടർന്ന് സിനിമ മേഖലയിലെ വിദഗ്ധർ പങ്കെടുത്ത ഓപ്പൺ ഫോറത്തിൽ സംവിധായകൻ പ്രദീപ് നായർ മോഡറേറ്ററായിരുന്നു.

**ചലച്ചിത്ര മേളയിൽ ഇന്ന് (ഞായർ):**

രാവിലെ 10.00 ന് സ്ഥലം (കവിയൂർ ശിവപ്രസാദ്), 11.45 ന് ഓർഗാനിക് ഫാമിംഗ്, 1.30-ന് പുതിയ ആകാശം പുതിയ ഭൂമി (എം. എസ്. മണി), 4.30-ന് കുട്ടികളുടെ സിനിമകൾ (എസ്.ഐ.ഇ.ടി.)

**ചലച്ചിത്ര മേളയിൽ നാളെ (തിങ്കൾ):**

രാവിലെ 10.00 ന് ബേബ് (ക്രിസ് നൂനാൻ), 11.30-ന് ഡോക്യുമെന്ററികൾ (വി. കെ. സുഭാഷ്), 1.30-ന് ഗ്രേപ്സ് ഓഫ് റാത് (ജോൺ ഫോർഡ്), 4.00-ന് വൺ സ്ട്രോ റവലൂഷൻ, 4.30-ന് കൺഫഷൻസ് ഓഫ് ആൻ എക്കോ ടെററിസ്റ്റ് (പീറ്റർ ജെ. ബ്രൗൺ)

### ജൈവ വൈവിധ്യം - സംസ്ഥാന പെയിന്റേഴ്സ് ക്യാമ്പ്

ജൈവ വൈവിധ്യത്തെ മുഖ്യ വിഷയമാക്കിയുള്ള സംസ്ഥാന പെയിന്റേഴ്സ് ക്യാമ്പ് ഇന്ന് (ഞായർ) ആഗോള ജൈവ സംഗമത്തിന്റെ ഭാഗമായി ആരംഭിക്കും. ദേശീയ തലത്തിൽ ശ്രദ്ധ നേടിയ 40 പെയിന്റർമാരാണ് മൂന്ന് ദിവസം നീണ്ട് നിൽക്കുന്ന ക്യാമ്പിൽ അക്രലിക് മാധ്യമത്തിൽ ചിത്രരചന നടത്തുക. ലളിതകലാ അക്കാഡമിയുടെ മുൻ ചെയർമാൻ കെ. എ. ഫ്രാൻസിസ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ടി. ആർ. ഉദയകുമാർ ആണ് ക്യാമ്പ് മോഡറേറ്റർ.

### ആഗോള ജൈവസംഗമം: ജൈവ ഭക്ഷ്യ-കാർഷിക പ്രദർശനം ഉദ്ഘാടനം ചെയ്തു

മഹാത്മാഗാന്ധി സർവകലാശാലയിലെ അന്തർ സർവ്വകലാശാല ജൈവ സുസ്ഥിര കൃഷി പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ആഗോള ജൈവസംഗമത്തിലെ ജൈവ ഭക്ഷ്യ-കാർഷിക പ്രദർശനം കോട്ടയം സി.എം.എസ് കോളേജിൽ കോട്ടയം നഗരസഭ അദ്ധ്യക്ഷ ഡോ. പി. ആർ. സോന ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ആർ. എൽ. വി. പ്രദീപും സംഘവും ചേർന്ന് അവതരിപ്പിച്ച ജൈവ ഗീത നൃത്താവിഷ്ക്കാരത്തോടെ ആയിരുന്നു ചടങ്ങുകളുടെ ആരംഭം. സംഗമത്തോടനുബന്ധിച്ചുള്ള

സാംസ്കാരിക പരിപാടികൾ സി.എസ്.ഐ. മോഡറേറ്ററും മധ്യകേരളാ മഹാ ഇടവക ബിഷപ്പുമായ റവ. ഡോ. തോമസ് കെ. ഉമ്മൻ ഉദ്ഘാടനം ചെയ്തു. പ്രൊ-വൈസ് ചാൻസലർ പ്രൊഫ സാബു തോമസ്, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ആർ പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, എസ്.ബി.ഐ. റീജിയണൽ മാനേജർ പി. കൃഷ്ണകുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. സർവകലാശാല രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം. ആർ. ഉണ്ണി സ്വാഗതവും, ജൈവ സുസ്ഥിര കൃഷി പഠന കേന്ദ്രം ജോയിന്റ് ഡയറക്ടർ ഡോ. സന്തോഷ് പി. തമ്പി കൃതജ്ഞതയും അർപ്പിച്ചു. തുടർന്ന് കലാസന്ധ്യയിൽ പെരിങ്ങോട് സുബ്രഹ്മണ്യനും സംഘവും ഇടയ്ക്ക കച്ചേരി അവതരിപ്പിച്ചു. കോളേജ് ഹോക്കി ഗ്രൗണ്ടിൽ ഒരുക്കിയിരിക്കുന്ന എക്സിബിഷനിൽ ജൈവകൃഷിയും കേരളീയ കാർഷിക പാരമ്പര്യവും പരിചയപ്പെടുത്തുന്ന സ്റ്റാളുകൾക്ക് പുറമെ വിവിധ ജൈവ ഉൽപ്പന്നങ്ങളുടെയും അപൂർവ്വയിനം ചെടികൾ, വിത്തുകൾ തുടങ്ങിയവയുടെയും പ്രദർശനവും വിൽപനയും നടന്നുവരുന്നു. കോളേജ് ക്യാമ്പസിലുള്ള ബൊട്ടാണിക്കൽ ഗാർഡനിൽ വനയാത്രയ്ക്കുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൃത്രിമമായി സൃഷ്ടിച്ച വനാനുഭവം നിരവധി ആളുകളെ ആകർഷിക്കുന്നു. പ്രദർശനം ഏപ്രിൽ 24 വരെ തുടരും.

അന്താരാഷ്ട്ര സെമിനാർ ഒഴികെയുള്ള വേദികളിൽ പ്രവേശനം സൗജന്യമാണ്, ഭക്ഷ്യ കാർഷിക പ്രദർശനത്തിലേക്ക് രാവിലെ 10.00 മുതൽ വൈകിട്ട് 7.00 വരെയാണ് പ്രവേശനം.

<u>ആഗോള ജൈവസംഗമവും അന്താരാഷ്ട്ര സെമിനാറും ഇന്ന് (ഞായർ) ആരംഭിക്കും:</u>

ഇന്ന് (ഞായർ) വൈകീട്ട് 4.45-ന് നടക്കുന്ന **ആഗോള ജൈവ സംഗമവും അന്താരാഷ്ട്ര സെമിനാറും** ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മാത്യു. ടി. തോമസ് **ഉദ്ഘാടനം ചെയ്യും**. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കും. ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് റിപ്പോർട്ട് അവതരിപ്പിക്കും. സി.എസ്.ഐ. മദ്ധ്യകേരളാ ഡയോസിസ് ബിഷപ്പ് റവ. തോമസ് കെ ഉമ്മൻ വിശിഷ്ടാതിഥിയാകും യോഗത്തിൽ തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. കെ. രാമസ്വാമി മുഖ്യപ്രഭാഷണം നടത്തും. ഗോവ ഫൗണ്ടേഷൻ എൻവയോൺമെന്റൽ മോണിറ്ററിംഗ് ആക്ഷൻ ഗ്രൂപ്പ് ഡയറക്ടർ ഡോ. ക്ലോഡ് അൽവാരിസ് സെമിനാർ അബ്സ്ട്രാക്ട് ബുക്കിന്റെ പ്രകാശനവും ഓർഗാനിക് ഫാമിംഗ് അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. സുജാത ഗോയൽ എക്സിബിഷൻ ഗൈഡിന്റെ പ്രകാശനവും നിർവ്വഹിക്കും. സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എസ്. സുജാത, പ്രൊഫ. വി.എസ്. പ്രവീൺകുമാർ, സി.എം.എസ്. കോളേജ് പ്രിൻസിപ്പലും സിൻഡിക്കേറ്റംഗവുമായ ഡോ. റോയ് സാം ഡാനിയേൽ, എസ്.ബി.ഐ. ജനറൽ മാനേജർ ജെ.കെ. ഥാക്കർ, സംസ്ഥാന എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ, കോട്ടയം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ എസ്. ജയലളിത, രജിസ്ട്രാറും ജൈവം ജനറൽ കൺവീനറുമായ എം.ആർ. ഉണ്ണി, എന്നിവർ ചടങ്ങിൽ സംസാരിക്കും. കലാസന്ധ്യയിൽ പണ്ഡിറ്റ് റോണു മജുംദാർ, ഹിന്ദുസ്ഥാനി പുല്ലാങ്കുഴൽ കച്ചേരി അവതരിപ്പിക്കും.

<u>അടിക്കുറിപ്പ്</u>

1. ആഗോള ജൈവസംഗമത്തിൽ ഭക്ഷ്യ-കാർഷിക പ്രദർശനം ഉദ്ഘാടനം ചെയ്തുകൊണ്ട് കോട്ടയം മുൻസിപ്പൽ ചെയൽ പേഴ്സൺ ഡോ. പി. ആർ സോന സംസാരിക്കുന്നു.
2. ആഗോള ജൈവസംഗമത്തോടനുബന്ധിച്ച് നടക്കുന്ന ദക്ഷ്യ-കാർഷിക മേളയിലെ പ്രദർശനം മുൻസിപ്പൽ ചെയർ പേഴ്സൺ നാട മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു.
3. മഹാത്മാഗാന്ധി സർവകലാശാല സംഘടിപ്പിക്കുന്ന ആഗോള ജൈവസംഗമത്തിന്റെ ഭാഗമായി നടത്തുന്ന കാർഷിക പരിസ്ഥിതി ചലച്ചിത്രമേളയിൽ ജൈവ ജീവനത്തിനായി ആഹ്വാനം ചെയ്തുകൊണ്ടുള്ള കയ്യൊപ്പ് ശേഖരണത്തിന്റെ ഉദ്ഘാടനം നടൻ പ്രേംപ്രകാശ് നിർവ്വഹിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**